# പതിമൂന്നാം കേരള നിയമസഭ

അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2636 — 21.06.2012ൽ മറുപടിയ്ക്ക്

## ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിനായി ഉപസമിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ.എ.റ്റി. ജോർജ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.പി.എ. മാധവൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിനായി രൂപീകരിച്ച ഉപസമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) പുതിയ കോളേജുകളും പുതിയ കോഴ്സുകളും ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതും അധ്യാപകർക്ക് പരിശീലനം നൽകുന്നതും സംബന്ധിച്ച് ശുപാർശകൾ കമ്മിറ്റി മുന്നോട്ട് വച്ചിട്ടുണ്ട്. |

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾസ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

(സി) പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സ്ഥാപനം ആരംഭിച്ച് നിശ്ചിത കാലയളവ് പൂർത്തിയാക്കുകയും നിലവിലുള്ള കോഴ്സുകളുടെ റിസൾട്ടിന്റെ കാര്യത്തിൽ സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്കാണ് ഇപ്പോൾ ബിരുദ കോഴ്സുകൾ തുടങ്ങുവാനും നിലവിലുള്ള ബിരുദ കോഴ്സുകളുടെ സീറ്റ് വർദ്ധിപ്പിക്കുവാനും സർക്കാർ അനുമതി നൽകുന്നത്. പുതിയ കോളേജുകൾക്ക് അനുമതി നൽകുന്നതിന് മുന്നോടിയായി നടത്തേണ്ട പരിശോധനയുടെ മാനദണ്ഡങ്ങളും പരിഷ്കരിച്ചിട്ടുണ്ട്. അധ്യാപക പരിശീലനം ഐ.എച്ച്.ആർ.ഡി.-യെ ഏൽപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ